134 (1360) സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഉള്ള ചുമതലയും അധികാരവും ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) വർക്കല നഗരസഭയുടെ കീഴിൽ വരുന്ന നടയറ ഗവൺമെന്റ് മുസ്ലീം ഹൈസ്കൂളിൽ അദ്ധ്യയന വർഷം ആരംഭിച്ചിട്ടും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ഷെഡ്ഡുകളിൽ കുട്ടികളെ ഇരുത്തി പഠിപ്പിക്കുന്നുണ്ടോ; എങ്കിൽ ഇതൊഴിവാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) കെട്ടിടത്തിന്റെ അഭാവംമൂലം ഷിഫ്റ്റായി പ്രവർത്തിക്കുന്ന ഈ സ്കൂളിൽ ഉള്ള കെട്ടിടംപോലും കൃത്യമായി അറ്റകുറ്റപ്പണി നടത്താതിരുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവിടെ എത്ര ഷെഡ്ഡുകളുടെയും കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികളാണ് ഇനി പൂർണ്ണമായും തീർക്കാനുള്ളതെന്നും ഇവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ;

(എഫ്) ഇവിടെ പുതുതായി പണി ആരംഭിച്ച കെട്ടിടത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് ഇതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) നഗരസഭയുടെ കീഴിൽ വരുന്ന സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ചുമതല നഗരസഭയ്ക്കാണ്.

(ബി) വർക്കല നഗരസഭയുടെ കീഴിൽ വരുന്ന നടയറ ഗവൺമെന്റ് മുസ്ലീം ഹൈസ്കൂളിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്ന പണി ടെണ്ടർ ക്ഷണിച്ചപ്പോൾ 50% കൂട്ടിയുള്ള ഓഫറാണ് ലഭിച്ചിരുന്നത്. പി.ടി.എ. പണി ഏറ്റെടുക്കുമോ എന്ന് ആരാഞ്ഞിരുന്നു. പി.ടി.എ. പണി ഏറ്റെടുക്കാൻ വിസമ്മതിച്ചതിനാൽ ഓഫർ നൽകിയിരുന്ന കോൺട്രാക്ടറോട് നെഗോഷിയേഷൻ ചോദിക്കുകയും, എസ്റ്റിമേറ്റിന്റെ 30% അംഗീകരിച്ച നിരക്കിൽ പണി ചെയ്യാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ അംഗീകാരത്തോടെ 3.6.99-ൽ എഗ്രിമെന്റ് വച്ച് ആരംഭിക്കുകയുണ്ടായി. പണികൾ മിക്കവാറും പൂർത്തീകരിച്ചുകഴിഞ്ഞു.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അറ്റകുറ്റപ്പണികൾ പുരോഗതിയിലാണ്.

(ഇ) രണ്ട് ഷെഡ്ഡുകളുടെ പണിയാണ് ഉൾപ്പെടുത്തിയിരുന്നത്. ഇത് 30.6.99-ന് മുൻപ് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(എഫ്) കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പൈലിംഗ് വർക്ക് തീർന്നു. സംസ്ഥാന നിർമ്മിതി കേന്ദ്രമാണ് പണി നടത്തിവരുന്നത്. തുക നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

മുറയ്ക്ക് പണി നിർവ്വഹിച്ചുവരുന്നു. എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് കൃത്യമായി പറയാൻ നിർവ്വാഹമില്ല.

II. അടിയന്തിരപ്രമേയം

മല്ലപ്പള്ളി കീഴ്വായ്പ്പൂരിൽ പോലീസ് കസ്റ്റഡിയിൽ വച്ച് മോഹനൻ എന്നയാൾ മരിച്ചത് സംബന്ധിച്ച്

9.30 A.M.

മി. സ്പീക്കർ : ഒരു മോഷണക്കേസിൽ നാട്ടുകാർ പിടിച്ച് കീഴ്വായ്പ്പൂർ പോലീസിന് കൈമാറിയ പ്രതി മല്ലപ്പള്ളി പരിയാരം ഇല്ലത്ത് വീട്ടിൽ മോഹനൻ പോലീസ് കസ്റ്റഡിയിൽ വച്ച് മരിച്ചതിനെത്തുടർന്ന് ആ പ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ചട്ടം 50 പ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. മാമ്മൻ മത്തായി, ശ്രീ. കെ. ബാബു, ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ. യും ഒരു സബ്മിഷൻ നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, പത്തനംതിട്ടയിലെ മല്ലപ്പള്ളി ചക്കാലയിൽ 72 വയസ്സുള്ള അന്നമ്മാ ജോൺ അവരുടെ വീടിനടുത്തുള്ള ഇടവഴിയിലൂടെ നടന്നുപോകുമ്പോൾ ജൂൺ 29-ാം തീയതി ഉച്ചയ്ക്ക് മൂന്നു മണിയോടെ അവരുടെ കഴുത്തിൽ കിടന്നിരുന്ന രണ്ടു പവൻ തൂക്കം വരുന്ന സ്വർണ്ണമാല മല്ലപ്പള്ളി പരിയാരം സ്വദേശി മോഹനൻ പൊട്ടിച്ചെടുത്തുകൊണ്ട് ഓടിപ്പോയി. വൃദ്ധയായ അന്നമ്മാ ജോൺ ബഹളം ഉണ്ടാക്കുകയും അതുകേട്ട് ഓടിക്കൂടിയ നാട്ടുകാർ മോഹനനെ ഓടിച്ചിട്ട് പിടിക്കുകയും ചെയ്തു. നാട്ടുകാരെ തട്ടിമാറ്റി ഓടിപ്പോകാൻ ശ്രമിച്ച മോഹനനെ അവർ ബലം പ്രയോഗിക്കുകയും കീഴ്പ്പെടുത്തുകയും കെട്ടിയിടുകയും ചെയ്തു. കീഴ്വായ്പ്പൂരിലെ പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചതനുസരിച്ച് പോലീസ് സ്ഥലത്തെത്തി. മോഹനനെ കൂട്ടിക്കൊണ്ടു പോയി ക്രൈം 123/99-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്തു. തന്നെ പിടികൂടിയ സമയം നാട്ടുകാർ മർദ്ദിച്ചതായി മോഹനൻ പരാതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ കീഴ്വായ്പ്പൂർ പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. മോഹനൻ മറ്റു രണ്ട് സ്വർണ്ണ ഉരുപ്പടികൾ കൂടി മോഷണം നടത്തിയിട്ടുള്ളതായും അത് കീഴ്വായ്പ്പൂരിലുള്ള ഒരു സ്വർണ്ണ പണമിടപാട് സ്ഥാപനത്തിൽ പണയം വച്ചതായിട്ടും പോലീസിനോട് പറഞ്ഞു. അതിന്റെ സത്യാവസ്ഥ അന്വേഷിച്ച് അറിയുന്നതിലേയ്ക്ക് മോഹനനെ പണമിടപാട് സ്ഥാപനത്തിൽ കൊണ്ടുപോയി. അന്വേഷണം നടത്തിയതിനുശേഷം പോലീസ് സ്റ്റേഷനിൽ തിരികെ കൊണ്ടുവന്നു. ഉച്ചയ്ക്ക് രണ്ടു മണിയോടെ മോഹനന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെടുകയും അടിയന്തിര ചികിത്സയ്ക്കായി പോലീസ് സ്റ്റേഷന് അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ കൊണ്ടുപോകുകയും ചെയ്തു. അടിയന്തിരമായി വിദഗ്ദ്ധ ചികിത്സ ആവശ്യമാണെന്നു ഡോക്ടർമാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയി. മെഡിക്കൽ കോളേജാശുപത്രി കാഷ്വാലിറ്റിയിൽ എത്തിയപ്പോഴാണ് അദ്ദേഹം മരണമടഞ്ഞത്. ആർ.ഡി.ഒ. യുടെ സാന്നിധ്യത്തിൽ പ്രേതവിചാരണ റിപ്പോർട്ട് തയ്യാറാക്കുകയും മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തുകയും

LIBRARY ARCHIVES Kerala Legislative Assembly